**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **11-03-2025 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2021-26 കാലഘട്ടത്തിൽ മട്ടന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പടിയൂരിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പഴശ്ശി ഡാമിലും പരിസരത്തുമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പഴശ്ശി പടിയൂർ ഇക്കോ ടൂറിസം പദ്ധതി. പ്രസ്തുത പദ്ധതിയ്ക്ക് 12.06.2024ലെ സ.ഉ.(സാധാ)നം. 262/2024/ടൂറിസം പ്രകാരം, ₹5,49,83,579/- (അഞ്ച് കോടി നാൽപ്പത്തി ഒമ്പത് ലക്ഷത്തി എൺപത്തി മൂവായിരത്തി അഞ്ഞൂറ്റി എഴുപത്തി ഒമ്പത് രൂപ)യുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഘടകങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br>1. റോഡ് വർക്ക് — 90% പൂർത്തീകരിച്ചു<br>2. എൻട്രൻസ് ഗേറ്റ് — 80% പൂർത്തീകരിച്ചു<br>3. ടോയ്.ലെറ്റ് ബ്ലോക്ക് — 80%<br>4. റെസ്റ്റോറന്റ് — 80%<br>5. ഇലക്ട്രിഫിക്കേഷൻ — 65%<br>6. ലാൻഡ് സ്കേപ്പിംഗ് — പുരോഗമിച്ചു വരുന്നു. |
| (ബി) | മണ്ഡലത്തിലെ പഴശ്ശി-പടിയൂർ ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി കാരവാൻ പാർക്ക് പദ്ധതിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | അടുത്ത ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ